2

# സംഖ്യകൾ കൂട്ടുകാർ

## പഠനലക്ഷ്യങ്ങൾ

- മൂന്നക്കസംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതുന്നു.
- സ്ഥാനവില അനുസരിച്ചും അല്ലാതെയും മൂന്നക്കസംഖ്യകൾ പിരിച്ചെഴുതുന്നു.
- സംഖ്യകൾ രൂപീകരിച്ചും ക്രമപ്പെടുത്തിയും തിരിച്ചറിഞ്ഞു താരതമ്യം ചെയ്യുന്നു.
- നിത്യജീവിതസന്ദർഭങ്ങളുടെ ഭാഗമായും കളികളുടെ ഭാഗമായും ആയിരം വരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു. പ്രശ്നപരിഹരണം നടത്തുന്നു.
- നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്കായി നാണയങ്ങളും കറൻസികളും ഉപയോഗിച്ചുള്ള ക്രയവിക്രയം നടത്തുന്നു.

PENCIL GROUP.....✍🏼
[A Totally acadamic group for std 3]
Join number : 9895 10 5085

## കളം നിറയ്ക്കാം

ടോക്കൺ ഉപയോഗിച്ചുള്ള ഒരു കളിയാണിത്.

1 മുതൽ 100 വരെയുള്ള ടോക്കണുകൾ ഉപയോഗിച്ച് കളം നിറയ്ക്കാം. മിൻഹയും കൂട്ടുകാരും കളിച്ചത് നിങ്ങളും കളിക്കൂ... ടീച്ചർ നിങ്ങളെ സഹായിക്കും.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | | | | | | | | |
| 21 | | 23 | | | | | | | |
| | | | 34 | | | | | | |
| | | | | 45 | | | | | |
| | | | | 55 | 56 | | | | |
| | | | | | | 67 | | | |
| | | | | | | | 78 | | |
| | | | | | | | | 89 | |
| | | | | | | | | | 100 |

65 എന്നെഴുതിയ ടോക്കൺ എവിടെ വയ്ക്കും ? എങ്ങനെ കണ്ടുപിടിച്ചു ?
1 മുതൽ 100 വരെ എഴുതിയ ടോക്കണുകൾ യോജിച്ച കളങ്ങളിൽ വയ്ക്കുക.
മഞ്ഞ നിറമുള്ള കളങ്ങളിലെ സംഖ്യകൾ തമ്മിലുള്ള ബന്ധം എന്താണ് ?
മറ്റ് പാറ്റേണുകൾ കണ്ടെത്തി പല നിറം കൊടുക്കൂ...

**മഞ്ഞ നിറമുള്ള കളങ്ങളിലെ സംഖ്യകൾ [ 1,12,23,34, 45,56, 67,78,89,100 ]**

**സംഖ്യകൾ തമ്മിലുള്ള വ്യത്യാസം 11 ആണ്.**

**[12-1= 11, 23-12 = 11, 34-23 = 11, ............ 100-89 = 11 ]**

**പാറ്റേണുകൾ**

ഉദാ : 1, 11, 21,31,41,51,61,..........91
5,15, 25, 35,45, 55,65,..........95
10, 20, 30, 40, 50, 60, ..........100

## സ്കൂൾ സ്റ്റോർ



വിലവിവരപ്പട്ടിക

| ഇനം | വില |
|---|---|
| ക്രയോൺസ് | 25 രൂപ |
| പേന | 20 രൂപ |
| സ്കെച്ച്പെൻ പായ്ക്കറ്റ് | 40 രൂപ |
| നോട്ടുബുക്ക് | 60 രൂപ |
| മാർക്കർപേന പായ്ക്കറ്റ് | 75 രൂപ |
| സ്കെയിൽ | 5 രൂപ |
| ബ്രൗൺ പേപ്പർ | 15 രൂപ |

മിൻഹ 100 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി. ഏതൊക്കെ സാധനങ്ങളാകാം വാങ്ങിയത് ?

ഞാൻ കണക്കാക്കിയത്.

| | |
|---|---|
| മാർക്കർപേന പായ്ക്കറ്റ് | 75 രൂപ |
| ക്രയോൺസ് | 25 രൂപ |
| **ആകെ** | **100 രൂപ** |

ചങ്ങാതി കണക്കാക്കിയത്.

| | |
|---|---|
| **സ്കെച്ച്പെൻ പായ്ക്കറ്റ്** | 40 രൂപ |
| **നോട്ടുബുക്ക്** | 60 രൂപ |
| **ആകെ** | **100 രൂപ** |

**സാധനങ്ങളുടെ എണ്ണം കൂടാമല്ലോ.**

| | |
|---|---|
| മാർക്കർപേന പായ്ക്കറ്റ് | 75 രൂപ |
| സ്കെയിൽ | 5 രൂപ |
| പേന | 20 രൂപ |
| **ആകെ** | **100 രൂപ** |



## പെൻസിൽ കമ്പനി

മിൻഹയുടെ അച്ഛന് പെൻസിൽ കമ്പനി ഉണ്ട്. 10 പെൻസിലുകളാണ് ഒരു പായ്ക്കറ്റിൽ നിറയ്ക്കുക. 10 പായ്ക്കറ്റുകൾ ഒരു പെട്ടിയിൽ വയ്ക്കും.




| | |
|---|---|
| ഒരു പായ്ക്കറ്റിലുള്ള പെൻസിലുകളുടെ എണ്ണം | 10 |
| ഒരു പെട്ടിയിലുള്ള പായ്ക്കറ്റുകളുടെ എണ്ണം | 10 |
| ഒരു പെട്ടിയിലുള്ള ആകെ പെൻസിലുകളുടെ എണ്ണം | 100 |

പെൻസിലുകൾ പെട്ടിയിലാക്കിയത് നോക്കൂ...
പെൻസിലുകളുടെ എണ്ണം എഴുതി കളങ്ങൾ പൂർത്തിയാക്കൂ...

| | |
|---|---|
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |

10 പെട്ടിയിൽ എത്ര പെൻസിലുകൾ ഉണ്ടാകും ?



| | |
|---|---|
| | 100 |
| | 100 + 100 = 200 |
| | 100 + 100 + 100 + 100 + 100 = 500 |
| | 100 + 100 + 100 + 100 = 400 |
| | 100 + 100 + 100 + 100 + 100 + 100 = 600 |
| | 100 + 100 + 100 = 300 |
| | 100 + 100 + 100 + 100 + 100 + 100 + 100 + 100 = 800 |
| | 100 + 100 + 100 + 100 + 100 + 100 + 100 = 700 |
| | 100 + 100 + 100 + 100 + 100 + 100 + 100 + 100 + 100 = 900 |

10 പെട്ടിയിൽ എത്ര പെൻസിലുകൾ ഉണ്ടാകും?

100 + 100 + 100 + 100 + 100 + 100 + 100 + 100 + 100 + 100 = 1000 ആയിരം

## മേന്മ സ്റ്റോർ

മേന്മ സ്റ്റോറിലേക്ക്
ആയിരം പെൻസിലുകൾ വേണം.
മിൻഹയും അച്ഛനും
രണ്ട് ബാഗുകളിൽ തുല്യമായി
പെൻസിൽപെട്ടി നിറച്ചു.
ഓരോ ബാഗിലും എത്ര
പെൻസിലുകൾ ഉണ്ട് ?

| 500 | 500 |
|---|---|





## ബാഗിൽ എത്ര ?

ബാഗിൽ എത്ര പെൻസിലുകൾ
വീതമുണ്ട് ?




| | | | |
|---|---|---|---|
| 300 + 700 = 1000 | 100 + ......... = 1000 | ........ + ........ = 1000 | ........ + ........ = 1000 |

ബാഗിൽ എത്ര പെൻസിലുകൾ വീതമുണ്ട്?




| | | | |
|---|---|---|---|
| 300 + 700 = 1000 | 100 + 900 = 1000 | 400 + 600 = 1000 | 200 + 800 = 1000 |

## നന്മ സ്റ്റോർ

നന്മ സ്റ്റോറിലേക്ക് 800 പെൻസിലുകൾ കൊടുത്തു. രണ്ട് ബാഗിലായാണ് കൊടുത്തത്. ഓരോ ബാഗിലും എത്ര പെൻസിലുകൾ ?

താഴെയുള്ള പട്ടിക പൂർത്തിയാക്കുക.

| ബാഗ് 1 | ബാഗ് 2 | ആകെ |
|---|---|---|
| 400 | 400 | 800 |
| 100 | | 800 |
| | | 800 |
| | | 800 |



| ബാഗ് 1 | ബാഗ് 2 | ആകെ |
|---|---|---|
| 400 | 400 | 800 |
| 100 | 700 | 800 |
| 300 | 500 | 800 |
| 200 | 600 | 800 |

രണ്ടു സംഖ്യകളുടെ തുക 800 വരുന്ന ധാരാളം സാധ്യതകൾ ഉണ്ട്. കുട്ടികളെക്കൊണ്ട് പറയിപ്പിക്കുമല്ലോ.

നൂറുകളുടെ കൂട്ടങ്ങളാക്കി എഴുതൂ...

**700**
- 300 + 400
- ______
- ______

**900**
- ______
- ______
- ______
- ______

**600**
- ______
- ______
- ______

**തുല്യമായ കൂട്ടം**

100 +100 = ______

250 + ______ = 500

300 + 300 = ______

______ + ______ = 700

______ + ______ = 900

**700**
- 300 + 400
- 200 + 500
- 100 + 600

**600**
- 100 + 500
- 200 + 400
- 300 + 300

**തുല്യമായ കൂട്ടം**

100 + 100 = 200

250 + 250 = 500

300 + 300 = 600

350 + 350 = 700

450 + 450 = 900

**900**
- 400 + 500
- 200 + 700
- 300 + 600
- 100 + 800

## മാറിപ്പോയി

സ്കൂളിലേക്ക് 870 പെൻസിലുകൾ 100 ന്റെയും 10 ന്റെയും പാക്കറ്റുകളാക്കാൻ പറഞ്ഞപ്പോൾ മിൻഹ 7 നൂറിന്റെയും 8 പത്തിന്റെയും പാക്കറ്റുകളാണ് ആക്കിയത്.

എത്ര എണ്ണം പാക്കറ്റിലാക്കി ? ഇനി എത്ര ബാക്കിയുണ്ട് ?

ചോദ്യം വായിച്ചപ്പോൾ എനിക്ക് മനസ്സിലായത്.

ഉത്തരം കണക്കാക്കാൻ വേണ്ട വിവരങ്ങൾ.

ഞാൻ ചെയ്ത രീതി.

ഉത്തരം.



ചോദ്യം വായിച്ചപ്പോൾ എനിക്കു മനസിലായത്

- സ്കൂളിലേക്ക് ആവശ്യമുള്ളത് 870 പെൻസിലുകളാണ്.
- മിൻഹ നൂറിന്റെ 7 കൂട്ടങ്ങളും പത്തിന്റെ 8 കൂട്ടങ്ങളുമാണ് ആക്കിയത്.
- അതായത് 700 ഉം 80 ഉം.

- ഉത്തരം കാണാൻ വേണ്ട വിവരങ്ങൾ.
  - ആകെ ആവശ്യമുള്ള പെൻസിലുകൾ 870.
  - പാക്കറ്റിലാക്കിയത് 780.
  - ഇനി ബാക്കി വേണ്ടത്.

| ഉത്തരം കണ്ടെത്തിയ രീതി. | മറ്റൊരു രീതി |
|---|---|
| 780 നോട് 20 കൂട്ടി 800 കിട്ടി.<br>870 ആകാൻ 70 കൂട്ടണം.<br>അതായത് 20 ഉം 70 ഉം ആകെ 90 | 870 - 780.<br>870 ൽ നിന്ന് 700 കുറച്ചു = 170.<br>170 ൽ നിന്ന് 70 കുറച്ചു = 100.<br>100 ൽ നിന്ന് 10 കുറച്ചു = 90.<br>870 − 780 = 90 |

## പെൻഷൻ വന്നു




ആകെ എത്ര രൂപ വേണം ?

## ആകെ എത്രരൂപ വേണം?

| | |
|---|---|
| പാൽക്കാരന് | 200 രൂപ |
| പലചരക്ക് കടയിൽ | 500 രൂപ |
| മിൻഹ | 100 രൂപ |
| ആകെ | 800 രൂപ |

ആകെ 800 രൂപ വേണം.

ഓരോ ദിവസവും കുടുക്കയിലുള്ള തുക എത്രയെന്ന് മിൻഹ കണ്ടെത്തി കാർഡിൽ എഴുതി. കാർഡ് പൂർത്തിയാക്കൂ...

| ഓരോ ദിവസവും കിട്ടിയത് | സ്ഥാനവില കാർഡ് വെച്ച് നോക്കിയപ്പോൾ | തുക |
|---|---|---|
| ഒന്നാം ദിവസം | 1 0 0 | 100 |
| രണ്ടാം ദിവസം | 1 0 0 1 | 100 + 1 = 101 |
| അഞ്ചാം ദിവസം | | |
| ആറാം ദിവസം | | |
| എട്ടാം ദിവസം | | |
| ഒൻപതാം ദിവസം | | |
| പത്താം ദിവസം | | |
| പതിനൊന്നാം ദിവസം | | |

ഇരുപത്തൊന്നാം ദിവസം എത്ര രൂപ ? 100+ 21 121


അമ്പത്തിനാലാം ദിവസം എത്ര രൂപ ? 100+ 54 154



| ഓരോ ദിവസവും കിട്ടിയത് | സ്ഥാനവില കാർഡ് വച്ച് നോക്കിയപ്പോൾ | തുക |
|---|---|---|
| ഒന്നാം ദിവസം | 1 0 0 | 100 |
| രണ്ടാം ദിവസം | 1 0 0 + 1 | 100 + 1 = 101 |
| അഞ്ചാം ദിവസം | 1 0 0 + 5 | 100 + 5 = 105 |
| ആറാം ദിവസം | 1 0 0 + 6 | 100 + 6 = 106 |
| എട്ടാം ദിവസം | 1 0 0 + 8 | 100 + 8 = 108 |
| ഒൻപതാം ദിവസം | 1 0 0 + 9 | 100 + 9 = 109 |
| പത്താം ദിവസം | 1 0 0 + 10 | 100 + 10 = 110 |
| പതിനൊന്നാം ദിവസം | 1 0 0 + 11 | 100 + 11 = 111 |

## ആരോഗ്യസർവെ

ആരോഗ്യസർവെ നടക്കുകയാണ്. വീട്ടുനമ്പർ ക്രമത്തിലാണ് സർവെ. അവർ മിൻഹയുടെ വീട്ടിലെത്തി. അവളുടെ വീട്ടുനമ്പർ 296 ആണ്. തുടർന്ന് സർവെ നടത്തിയ വീടുകളിൽ നമ്പർ ക്രമമായി എഴുതൂ... വീടുകൾക്ക് നിങ്ങൾക്ക് ഇഷ്ടമുള്ള നിറം കൊടുക്കൂ.



## പെൻസിലിന്റെ വില

മിൻഹയുടെ അച്ഛന്റെ കമ്പനിയിൽ നിന്നും അനയ് ഒരു പെട്ടി പെൻസിൽ വാങ്ങി. 300 രൂപയാണ് വില. ഏതൊക്കെ രീതിയിലായിരിക്കും നോട്ടുകൾ കൊടുത്തത് ?




ഞാൻ കണക്കാക്കിയ രീതി.

100 + 200 = 300


ചങ്ങാതി കണക്കാക്കിയ രീതി.

200 + 50 + 50 = 300


ചിത്രത്തിൽ നൽകിയ എല്ലാ നോട്ടുകളും നാണയങ്ങളും ഓരോന്നുവീതം ചേർന്നാൽ ആകെ എത്ര രൂപയാകും ?

100 + 20 + 50 + 10 + 200 + 500 + 5 + 2 + 1 = 888


ഈ സംഖ്യ അബാക്കസിൽ വരച്ചു കാണിക്കാമോ ?




നൂറ് പത്ത് ഒന്ന്



നൂറ് പത്ത് ഒന്ന്





അബാക്കസിൽ ഏത് സംഖ്യയാണ് ?





സംഖ്യ എത്രയാണ് ?

ഈ ചിത്രത്തിൽ സംഖ്യ 764 ആകും വിധം മുത്തുകൾ വരയ്ക്കുക.





മുത്തുകൾ വരച്ച് ചേർത്ത് സംഖ്യ ഉണ്ടാക്കൂ... എഴുതൂ...





അബാക്കസിൽ ഏത് സംഖ്യയാണ്?

263





സംഖ്യ എത്രയാണ്?

301




മുത്തുകൾ വരച്ചു ചേർത്ത് സംഖ്യ എഴുതൂ.

444



## ചെക്കിലെഴുതാം

മിൻഹയുടെ അച്ഛന്റെ കൈയിലുള്ള ചെക്ക് നോക്കൂ... സംഖ്യ അക്ഷരത്തിൽ മാത്രമാണ് എഴുതിയത്. അത് അക്കത്തിലെഴുതൂ...




പട്ടിക പൂരിപ്പിക്കുക.

| അക്കത്തിൽ | അക്ഷരത്തിൽ |
|---|---|
| 125 | |
| | നാന്നൂറ്റി അഞ്ച് |
| | എണ്ണൂറ്റി തൊണ്ണൂറ് |
| | മുന്നൂറ്റി നാല്പത്തി രണ്ട് |
| 617 | |
| 550 | |
| 261 | |



| അക്കത്തിൽ | അക്ഷരത്തിൽ |
|---|---|
| 125 | നൂറ്റി ഇരുപത്തിയഞ്ച് |
| 405 | നാനൂറ്റി അഞ്ച് |
| 890 | എണ്ണൂറ്റി തൊണ്ണൂറ് |
| 342 | മുന്നൂറ്റി നാൽപത്തിരണ്ട് |
| 617 | അറുന്നൂറ്റി പതിനേഴ് |
| 550 | അഞ്ഞൂറ്റി അൻപത് |
| 261 | ഇരുന്നൂറ്റി അറുപത്തിഒന്ന് |

## ബാങ്കിൽ പണമടയ്ക്കാൻ

ബാങ്കിൽ പണം നിക്ഷേപിക്കാനുള്ള സ്ലിപ്പ് നോക്കൂ, ബാങ്കിൽ കൊടുക്കുന്ന നോട്ടുകളുടെ എണ്ണവും ആകെ തുകയും അതിൽ എഴുതണം.

മിൻഹയുടെ അച്ഛൻ 800 രൂപ അടയ്ക്കാൻ 6 നോട്ടുകളാണ് ബാങ്കിൽ കൊടുത്തത്. ഏതൊക്കെ നോട്ടുകളാണ് കൊടുത്തിട്ടുണ്ടാവുക ?

അക്കൗണ്ട് നമ്പർ | | | | | | | | | | | |      തീയതി ____________

അക്കൗണ്ട് ഉടമയുടെ പേര് ____________

| ബാങ്ക് & ബ്രാഞ്ച് | ചെക്ക് നമ്പർ | തുക |
|---|---|---|
| | | ₹ |
| | | ₹ |
| | | ₹ |
| | ആകെ | ₹ |

തുക അക്ഷരത്തിൽ ____________

____________

തുക നിക്ഷേപിക്കുന്ന വ്യക്തിയുടെ പേര് ____________

തുക നിക്ഷേപിക്കുന്ന വ്യക്തിയുടെ ഒപ്പ് ____________

| രൂപ | തുക |
|---|---|
| 500 x | ₹ |
| 200 x | ₹ |
| 100 x | ₹ |
| 50 x | ₹ |
| 20 x | ₹ |
| 10 x | ₹ |
| 5 x | ₹ |
| 2 x | ₹ |
| 1 x | ₹ |
| നാണയങ്ങൾ | ₹ |
| ആകെ | ₹ |

**രീതി (1)**


| നോട്ട് | എണ്ണം | തുക |
|---|---|---|
| 200 | 3 | 600 |
| 100 | 1 | 100 |
| 50 | 2 | 100 |
| ആകെ | | 800 |

**രീതി (2)**

| നോട്ട് | എണ്ണം | തുക |
|---|---|---|
| 200 | 2 | 400 |
| 100 | 4 | 400 |
| ആകെ | | 800 |

**മറ്റ് രീതികൾ കൂട്ടുകാർ കണ്ടെത്തൂ.**

## നോട്ടുകളുടെ എണ്ണം




ഇവിടെ അക്കങ്ങളുടെ തുക എത്രയാണ്?

3 + 7 + 0 = 10

50ന്റെ നോട്ടുകൾ 6 എണ്ണം

20ന്റെ നോട്ടുകൾ 3 എണ്ണം

10 ന്റെ നോട്ട് 1 എണ്ണം

ആകെ

= 300

= 60 രൂപ

= 10

---

= 370 രൂപ

**തുക പത്ത്**

109 എന്ന സംഖ്യയിലെ അക്കങ്ങളുടെ തുക 1 + 0 + 9 = 10

118 എന്ന സംഖ്യയിലെ അക്കങ്ങളുടെ തുക എത്രയാണ് ?

മറ്റൊരു സംഖ്യ 127 ആണല്ലോ ?



109 എന്ന സംഖ്യയിലെ അക്കങ്ങളുടെ തുക 1 + 0 + 9 = 10

**118 എന്ന സംഖ്യയിലെ അക്കങ്ങളുടെ തുകയോ?** 1 + 1 + 8 = 10

**127 എന്ന സംഖ്യയിലെ അക്കങ്ങളുടെ തുകയോ?** 1 + 2 + 7 = 10

**എങ്കിൽ 10 തുക വരുന്ന മറ്റ് സംഖ്യകൾ ഏതൊക്കെ?**

- 100 നും 200 നും ഇടയിൽ അക്കങ്ങളുടെ തുക 10 വരുന്ന എത്ര സംഖ്യകൾ ഉണ്ട്?
  109, 118, 127, 136, 145, 154, 163, 172, 181, 190 - 10 എണ്ണം
- 200 നും 300 നും ഇടയിൽ അക്കങ്ങളുടെ തുക 10 വരുന്ന എത്ര സംഖ്യകൾ ഉണ്ട്?
  208, 217, 226, 235, 244, 253, 262, 271, 280 - 9 എണ്ണം
- 300 നും 400നും ഇടയിൽ അക്കങ്ങളുടെ തുക 10 വരുന്ന എത്ര സംഖ്യകൾ ഉണ്ട്?
  307, 316, 325, 334, 343, 352, 361, 370 - 8 എണ്ണം

അക്കങ്ങളുടെ തുക 10 കിട്ടുന്ന എത്ര സംഖ്യകൾ?

| | |
|---|---|
| 100 നും 200 നും ഇടയിൽ | 10 |
| 200 നും 300 നും ഇടയിൽ | 9 |
| 300 നും 400 നും ഇടയിൽ | 8 |
| ആകെ എത്ര മൂന്നക്കസംഖ്യകൾ? | 54 |




456 = 400 + 5 0 + 6

4 നൂറ് രൂപാനോട്ടുകൾ, 5 പത്തുരൂപാനോട്ടുകൾ

6 ഒരു രൂപാനാണയങ്ങൾ ചേർന്നാൽ 456 രൂപയാകും.

6 നൂറ് രൂപ, 8 പത്തുരൂപ,
5 ഒരു രൂപ ചേർന്നാൽ എത്ര രൂപയാകും ?

600 + 80+ 5 = 685 രൂപ

4 നൂറ് രൂപയും 9 ഒരു രൂപയും ചേർന്നാലോ ?

400 + 9 = 409 രൂപ

മുന്നൂറു രൂപ

- 3 നൂറ് രൂപ
- ............... പത്ത് രൂപ
- ............... ഇരുപത് രൂപ
- ...............അമ്പത് രൂപ.
- ............... അഞ്ച് രൂപ
- ............... ഒരു രൂപ



മുന്നൂറു രൂപ

- 3 നൂറ് രൂപ
- 30 പത്ത് രൂപ
- 15 ഇരുപതു രൂപ
- 6 അൻപത് രൂപ
- 60 അഞ്ച് രൂപ
- 300 ഒരു രൂപ

## കോർണർ പി. ടി. എ.




അച്ഛൻ കോർണർ പി.ടി.എ.യ്ക്ക് വേണ്ടി ആറ് കിലോഗ്രാം പഴം വാങ്ങി. ഒരു കിലോഗ്രാം പഴത്തിന് 50 രൂപയാണ് വില. 500 രൂപ കടയിൽ കൊടുത്തു. ബാക്കി മൂന്ന് തരം നോട്ടുകൾ ആണ് തിരിച്ച് കിട്ടിയത്. ഏതൊക്കെ നോട്ടുകളാണ് തിരിച്ചുകിട്ടിയത് ?

ഓരോന്നും എത്രവീതം?

| നോട്ട് | എണ്ണം |
|---|---|
| | |
| | |
| | |

തിരിച്ച് കിട്ടിയത് നാല് തരം നോട്ടുകൾ ആണെങ്കിലോ ?

| നോട്ട് | എണ്ണം |
|---|---|
| | |
| | |
| | |
| | |



**സാധ്യത 1**

| നോട്ട് | എണ്ണം | തുക |
|---|---|---|
| 100 | 1 | 100 രൂപ |
| 50 | 1 | 50 രൂപ |
| 10 | 5 | 50 രൂപ |

**സാധ്യത 3**

| നോട്ട് | എണ്ണം | തുക |
|---|---|---|
| 50 | 2 | 100 രൂപ |
| 20 | 4 | 80 രൂപ |
| 10 | 2 | 20 രൂപ |

**സാധ്യത 1**

| നോട്ട് | എണ്ണം | തുക |
|---|---|---|
| 100 | 1 | 100 രൂപ |
| 50 | 1 | 50 രൂപ |
| 20 | 2 | 40 രൂപ |
| 10 | 1 | 10 രൂപ |


**സാധ്യത 2**

| നോട്ട് | എണ്ണം | തുക |
|---|---|---|
| 50 | 1 | 50 രൂപ |
| 20 | 5 | 100 രൂപ |
| 5 | 8 | 40 രൂപ |
| 1 | 10 | 10 രൂപ |


മറ്റ് സാധ്യതകൾ നിങ്ങൾ കണ്ടെത്തൂ.

## ഡ്രാഗൺ

മിൻഹയും കൂട്ടുകാരും പാർക്കിലെത്തി.





ഡ്രാഗണിൽ തുടർന്നു വരുന്ന സംഖ്യകൾ എഴുതൂ...




വായിക്കൂ... സംഖ്യകളെഴുതൂ...

| | | | |
|---|---|---|---|
| എണ്ണൂറ്റി തൊണ്ണൂറ്റി ഒൻപത് | 899 | തൊള്ളായിരത്തി തൊണ്ണൂറ് | 990 |
| തൊള്ളായിരം | 900 | തൊള്ളായിരത്തി തൊണ്ണൂറ്റി അഞ്ച് | 995 |
| തൊള്ളായിരത്തി ഒന്ന് | 901 | തൊള്ളായിരത്തി തൊണ്ണൂറ്റി എട്ട് | 998 |

## സഹോദരന്റെ സമ്മാനം




മിൻഹസ്നക്ക് ചേട്ടൻ ഒരു സമ്മാനം കൊടുത്തു. കേരളത്തിലെ നദികൾ അടയാളപ്പെടുത്തിയ ചിത്രം. അവൾക്ക് സമ്മാനം വളരെ ഇഷ്ടപ്പെട്ടു.

കേരളത്തിലെ ചില നദികളുടെ പേരും അവയുടെ നീളവും അവർ പട്ടികയിൽ എഴുതിയത് നോക്കൂ... ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതൂ...

| നദിയുടെ പേര് | നീളം (കിലോമീറ്റർ) |
|---|---|
| മഞ്ചേശ്വരം പുഴ | 16 |
| വളപട്ടണം പുഴ | 110 |
| ചാലിയാർ | 169 |
| ഭാരതപ്പുഴ | 209 |
| പെരിയാർ | 244 |
| പമ്പയാർ | 176 |
| അച്ചൻകോവിലാർ | 128 |
| നെയ്യാർ | 56 |
| കല്ലടയാർ | 121 |

ഏറ്റവും നീളം കൂടിയ നദി

**പെരിയാർ**

ഏറ്റവും നീളം കുറഞ്ഞ നദി

**മഞ്ചേശ്വരം പുഴ**

ചാലിയാറിനേക്കാൾ നീളം കൂടിയ എത്ര നദികളാണ് പട്ടികയിലുള്ളത് ? നീളത്തിനനുസരിച്ച് വലുതിൽ നിന്ന് ചെറുതിലേക്ക് എഴുതൂ...



- **ചാലിയാറിനേക്കാൾ നീളംകൂടിയ എത്ര നദികൾ ഉണ്ട്?**

ഭാരതപ്പുഴ – 209 കി.മീ.
പെരിയാർ – 244 കി.മീ.
പമ്പയാർ – 176 കി.മീ.

- **വലുതിൽനിന്ന് ചെറുതിലേക്ക് എഴുതിയാൽ**

പെരിയാർ – 244 കി.മീ.
ഭാരതപ്പുഴ – 209 കി.മീ.
പമ്പയാർ – 176 കി.മീ.

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

**1.** പാറ്റേൺ പൂർത്തിയാക്കാം.

11, 22, 33, 44, ____ , ____

150, 250, 350, ____ , ____

100, 101, 103, 106 ____ , ____

990, 980, 970, ____ , ____

എന്റെ വക.

____ , ____, ____, ____

____ , ____, ____, ____

____ , ____, ____, ____

____ , ____, ____, ____

**11, 22, 33, 44, 55, 66** (അടുത്തടുത്ത രണ്ടു സംഖ്യകൾ തമ്മിലുള്ള വ്യത്യാസം 11 ആണ്)

**150, 250, 350, 450, 550** (അടുത്തടുത്ത രണ്ടു സംഖ്യകൾ തമ്മിലുള്ള വ്യത്യാസം 100 ആണ്. ***അല്ലെങ്കിൽ*** 100 കൂട്ടി പോകുന്നു.)

**100, 101, 103, 106, 110, 115.** (ആദ്യം 1 കൂടി, പിന്നെ 2 കൂടി, പിന്നെ 3 കൂടി അങ്ങനെ തുടരുന്നു.)

**990, 980, 970, 960, 950.** (10 വീതം കുറയുന്നു.)

**2. ഞാനാരെന്ന് പറയാമോ ?**

ഞാൻ
- രണ്ടക്ക സംഖ്യയാണ്.
- 80 ൽ കൂടുതലാണ്.
- ഒന്നുകളുടെ സ്ഥാനത്തെ അക്കം പത്തുകളുടെ സ്ഥാനത്തെ അക്കത്തേക്കാൾ 1 കൂടുതലാണ്.

ഞാനാര് ?

89

ഞാൻ
- മൂന്നക്ക സംഖ്യയാണ്.
- അക്കങ്ങളുടെ തുക 15 ആണ്.
- ഒന്നുകളുടെ സ്ഥാനത്തെ അക്കത്തേക്കാൾ 8 കുറവാണ് നൂറാം സ്ഥാനത്തെ അക്കം.

ഞാനാര് ?

159

ഇതുപോലെ ഒരു ചോദ്യം നിങ്ങളും നോട്ടുബുക്കിൽ എഴുതൂ...
ചോദ്യങ്ങൾ കൂട്ടുകാരുമായി കൈമാറി ഉത്തരങ്ങൾ കണ്ടുപിടിക്കൂ...



സൂചന : ഒന്നുകളുടെ സ്ഥാനത്തെ അക്കം നൂറിന്റെ സ്ഥാനത്തെ അക്കത്തിനേക്കാൾ 8 കൂടുതലാണ്. അതായത് ഒന്നിന്റെ സ്ഥാനത്തെ അക്കം 9 ആണ്. നൂറിന്റെ സ്ഥാനത്തെ അക്കം ഒന്ന് (1) രണ്ടാമത്തെ അക്കം 5 ആയിരിക്കും.

ഞാൻ
- മൂന്നക്കസംഖ്യയാണ്.
- അക്കങ്ങളുടെ തുക 19.
- ഒന്നുകളുടെ സ്ഥാനത്തിന്റെ ഇരട്ടിയാണ് നൂറുകളുടെ സ്ഥാനത്തെ അക്കം.

ഉത്തരം - 874

**3. സ്കൂൾ സ്റ്റോർ**

സ്കൂൾ സ്റ്റോറിലേക്ക് 950 പെൻസിലുകൾ വേണം. മിൻഹ 7 പെട്ടി പെൻസിലുകളും 6 പായ്ക്കറ്റ് പെൻസിലുകളും കൊടുത്തു. ഒരു പെട്ടിയിൽ 100 പെൻസിലുകളും ഒരു പായ്ക്കറ്റിൽ 10 പെൻസിലുകളുമാണുള്ളത്. ഇനി എത്ര പെൻസിലുകൾ കൂടി കൊടുത്താൽ 950 ആകും ?

എങ്ങനെയാണ് കണക്കാക്കിയത് ?

ആകെ 950 പെൻസിലുകൾ ആണ് വേണ്ടത്.
ഒരു ബോക്സിൽ എത്ര പെൻസിലുകൾ ഉണ്ട്? 100 എണ്ണം
ഒരു പായ്ക്കറ്റിൽ എത്ര പെൻസിലുകൾ ഉണ്ട്? 10 എണ്ണം
മിൻഹയ്ക്ക് 7 പെട്ടി പെൻസിലുകളും 6 പായ്ക്കറ്റ് പെൻസിലുകളുമാണ് കിട്ടിയത്.
അപ്പോൾ ആകെ കിട്ടിയ പെൻസിലുകളുടെ എണ്ണം = $7 \times 100 + 6 \times 10 = 700 + 60 = 760$
ഇനി ലഭിക്കേണ്ട പെൻസിലുകളുടെ എണ്ണം = $950 - 760$
= 190

950 പെൻസിലുകൾ പെട്ടിയിലും പായ്ക്കറ്റിലുമായാണ് കൊടുക്കുന്നതെങ്കിലോ?

| | | | |
|---|---|---|---|
| പെട്ടികളുടെ എണ്ണം | 9 | പായ്ക്കറ്റുകളുടെ എണ്ണം | 5 |

**4. വിട്ടുപോയ കളങ്ങൾ പൂർത്തിയാക്കുക.**

| | | | | | |
|---|---|---|---|---|---|
| *i.* | 301 | 401 | 501 | 601 | 701 |
| *ii.* | 299 | 399 | 499 | 599 | 699 |
| *iii.* | 300 | 400 | 500 | 600 | 700 |